REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 28-12-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന് ദുഃഖത്തോടെ രാജ്യത്തിന്റെ യാത്രാമൊഴി. ഡോ. സിംഗിന്റെ ഭൗതിക ദേഹം ന്യൂഡൽഹിയിലെ നിഗംബോധ് ഘട്ടിൽ പൂർണ സൈനിക ബഹുമതികളോടെ സംസ്കരിച്ചു.**
- **കാസർകോട് പെരിയ ഇരട്ടക്കൊല കേസിൽ പ്രതികൾ കുറ്റക്കാരെന്ന് കൊച്ചിയിലെ പ്രത്യേക CBI കോടതി. ശിക്ഷാവിധി അടുത്ത മാസം മൂന്നിന്.**
- **കൊല്ലം അഷ്ടമുടി കായലിന്റെയും അനുബന്ധ പ്രദേശങ്ങളിലെയും വിനോദ സഞ്ചാര വികസനത്തിന് 59 കോടി 71 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതിയെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.**
- **തമിഴ്നാട്ടിലെ തേനി പെരിയംകുളത്ത് ടൂറിസ്റ്റ് വാനും, കാറും കൂട്ടിയിടിച്ച് മൂന്ന് മലയാളികൾ മരിച്ചു.**
- **മെൽബണിൽ ഓസ്ട്രേലിയക്കെതിരായ ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ നില പരുങ്ങലിൽ.**

## വാർത്തകൾ വിശദമായി

**മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന് ദുഃഖത്തോടെ രാജ്യത്തിന്റെ യാത്രാമൊഴി. ഡോ. സിംഗിന്റെ ഭൗതിക ദേഹം ന്യൂഡൽഹിയിലെ നിഗംബോധ് ഘട്ടിൽ പൂർണ സൈനിക ബഹുമതികളോടെ സംസ്കരിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര**

മന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, ജെ പി നദ്ദ തുടങ്ങിയവരും കോൺഗ്രസ് നേതാക്കൾ ഉൾപ്പെടെ പ്രമുഖരും സംസ്കാര ചടങ്ങിൽ പങ്കെടുത്തു.

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**.....(വോയ്സ്)......**

മോത്തിലാൽ നെഹ്റു മാർഗിലെ വസതിയിൽ നിന്ന് രാവിലെ എട്ടരയോടെ ഡോ. സിംഗിന്റെ ഭൗതിക ദേഹം വിലാപയാത്രയായി AICC ആസ്ഥാനത്തേക്ക് കൊണ്ടുപോയി. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജ്ജുൻ ഖാർഗെ, കോൺഗ്രസ് പാർലിമെന്ററി പാർട്ടി അധ്യക്ഷ സോണിയാഗാന്ധി എന്നിവർ AICC ആസ്ഥാനത്ത് എത്തി ഡോ. മൻമോഹൻസിംഗിന് അന്ത്യാഞ്ജലിയർപ്പിച്ചു. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ട്, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ്-വേന്ദർ സിംഗ് സുഖു, MP മാരായ പ്രിയങ്കാഗാന്ധി, KC വേണുഗോപാൽ തുടങ്ങി നിരവധി നേതാക്കളും അന്തരിച്ച നേതാവിന് അന്തിമോപചാരമർപ്പിക്കാനെത്തിയിരുന്നു.

AICC ആസ്ഥാനത്ത് നിന്ന് പത്തരയോടെ അദ്ദേഹത്തിന്റെ ഭൗതികദേഹവും വഹിച്ച് വിലാപയാത്ര നിഗം ബോധ്ഘട്ടിലേയ്ക്കു പുറപ്പെട്ടു. പതിനൊന്നരയോടെ വിലാപയാത്ര നിഗം ബോധ്ഘട്ടിൽ എത്തിച്ചേർന്നു. തുടർന്നായിരുന്നു പൂർണ സൈനിക ബഹുമതികളോടെ സംസ്കാരം.

ഇന്നലെ നെഹ്റു മാർഗിലെ വസതിയിൽ പൊതുദർശനത്തിന് വെച്ചപ്പോൾ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാർ, തുടങ്ങി നിരവധി പേർ അന്തിമോപചാരം അർപ്പിച്ചിരുന്നു.

ഡൽഹി എയിംസ് ആശുപത്രിയിൽ വ്യാഴാഴ്ച രാത്രി 9.51ന് ആയിരുന്നു ഡോ. മൻമോഹൻ സിങ്ങിന്റെ അന്ത്യം.

✪✪✪

ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ കോൺഗ്രസ് പ്രവർത്തകസമിതി അനുശോചിച്ചു. അദ്ദേഹത്തിന്റെ ജീവിതവും

പ്രവർത്തനവും ഇന്ത്യയുടെ ഭാഗധേയം രൂപപ്പെടുത്തിയെന്ന് പാർട്ടി അനുശോചന പ്രമേയത്തിൽ പറഞ്ഞു.

ഇന്ത്യയുടെ സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ശില്പിയായിരുന്നു ഡോ.മൻമോഹൻ സിങ്ങെന്നും, സമാനതകളില്ലാത്ത ദീർഘവീക്ഷണത്തോടെ, സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും അദ്ദേഹം രാജ്യത്തെ രക്ഷിച്ചുവെന്നും പ്രവർത്തകസമിതി അഭിപ്രായപ്പെട്ടു.

✪✪✪

മുൻ പ്രധാനമന്ത്രി ഡോ മൻമോഹൻ സിംഗിന്റെ സ്മാരകത്തിനായി ഗവൺമെന്റ് സ്ഥലം അനുവദിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. മൻമോഹൻ സിങ്ങിന്റെ സ്മാരകത്തിനായി സ്ഥലം അനുവദിക്കണമെന്ന കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ അഭ്യർത്ഥന ഗവൺമെന്റിന് ലഭിച്ചതായി മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

കേന്ദ്രമന്ത്രിസഭാ യോഗത്തിന് ശേഷം ആഭ്യന്തരമന്ത്രി അമിത് ഷാ ഖാർഗെയോടും ഡോ. മൻമോഹൻ സിങ്ങിന്റെ കുടുംബത്തോടും സ്മാരകത്തിനായി ഗവൺമെന്റ് സ്ഥലം അനുവദിക്കുമെന്ന് അറിയിച്ചതായി മന്ത്രാലയം അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാവിലെ 11-ന് പ്രതിമാസ റേഡിയോ പരിപാടിയായ 'മൻ കി ബാത്തിൽ ആകാശവാണിയിൽ രാജ്യത്തെയും വിദേശത്തെയും ജനങ്ങളുമായി ചിന്തകൾ പങ്കുവെക്കും. മൻ കി ബാത്തിന്റെ 117-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലയിലും AIR ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ AIR മൊബൈൽ ആപ്പിലും മൻ കി ബാത്ത് ലഭിക്കും.

AIR ന്യൂസ്, DD ന്യൂസ്, PMO, ഐ ആൻഡ് ബി മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും ഇത് തത്സമയം സംപ്രേഷണം ചെയ്യും. പ്രധാനമന്ത്രിയുടെ ഹിന്ദി സംപ്രേഷണം കഴിഞ്ഞ ഉടനെ ആകാശവാണി കേരള നിലയങ്ങളിൽ മൻ കി ബാത്തിന്റെ മലയാള പരിഭാഷ കേൾക്കാം.

✪✪✪

തമിഴ്നാട്ടിലെ തേനി പെരിയംകുളത്ത് പുലർച്ചെ ടൂറിസ്റ്റ് വാനും, കാറും കൂട്ടിയിടിച്ച് മൂന്ന് മലയാളികൾ മരിച്ചു. കുറവിലങ്ങാട് കുര്യം

സ്വദേശികളായ കോയിക്കൽ ജെയിൻ തോമസ്, കാഞ്ഞിരത്തിങ്കൽ സോണിമോൻ കെ.ജെ, അമ്പലത്തിങ്കൽ ജോബീഷ് തോമസ് എന്നിവരാണ് മരിച്ചത്.

വേളാംങ്കണ്ണി പള്ളിയിൽ പോയി കാറിൽ മടങ്ങിയ സംഘമാണ് അപകടത്തിൽ പെട്ടത്. കാർ പൂർണമായും തകർന്നു. കാറിലുണ്ടായിരുന്ന നാല് പേരിൽ മൂന്ന് പേരും സംഭവ സ്ഥലത്ത് തന്നെ മരിച്ചു. ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു.

തേനിയിൽ നിന്ന് ഏർക്കാട്ടേക്ക് പോവുകയായിരുന്ന ടൂറിസ്റ്റ് വാനിലെ 18 പേർക്കും പരിക്കേറ്റു. ഇവരെ തേനി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു.

✪✪✪

കൊല്ലം അഷ്ടമുടി കായലിന്റെയും അനുബന്ധ പ്രദേശങ്ങളിലെയും വിനോദ സഞ്ചാര വികസനത്തിന് 59 കോടി 71 ലക്ഷം രൂപയുടെ പദ്ധതിക്ക് വിനോദ സഞ്ചാര വകുപ്പ് അനുമതി നൽകിയതായി കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, NK പ്രേമചന്ദ്രൻ MP യെ അറിയിച്ചു.

ബയോഡൈവേഴ്സിറ്റി ആൻഡ് ഇക്കോ റിക്രിയേഷൻ ക്ലബിന് സംസ്ഥാനങ്ങളുടെ മൂലധന നിക്ഷേപത്തിനുള്ള പ്രത്യേക ധനസഹായത്തിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്. പദ്ധതിയുടെ നിർവഹണ ചുമതല പൂർണമായും സംസ്ഥാന ഗവൺമെന്റിനാണ്.

✪✪✪

പ്രതിമാസ ആളോഹരി ചെലവ് വർധിച്ചതായി സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പുറത്തിറക്കിയ ഗാർഹിക ഉപഭോഗ ചെലവ് സർവേ റിപ്പോർട്ടിൽ പറയുന്നു. 2022-23 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2023-24 ൽ ഗ്രാമപ്രദേശങ്ങളിൽ ഒമ്പത് ശതമാനവും നഗരങ്ങളിൽ എട്ട് ശതമാനവുമാണ് വർധന രേഖപ്പെടുത്തിയത്.

ഗ്രാമങ്ങളിലെ ശരാശരി ആളോഹരി ചെലവ് 4,122 രൂപയും നഗരങ്ങളിലേത് 6,996 രൂപയുമാണ്.

രാജ്യവ്യാപകമായി 2.6 ലക്ഷം വീടുകളിൽ സർവേ നടത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

✪✪✪

രാജ്യത്തിന്റെ കൽക്കരി ഉത്പാദനത്തിൽ 11.71 ശതമാനം വളർച്ച കൈവരിച്ചതായി കൽക്കരി മന്ത്രാലയം അറിയിച്ചു. 2023-24 വർഷത്തിൽ 997.926 ദശലക്ഷം ടണ്ണാണ് കൽക്കരി ഉത്പാദനം. 2022-23 വർഷത്തിൽ ഇത് 893.191 ദശലക്ഷം ടൺ ആയിരുന്നു. ആത്മനിർഭർ പദ്ധതിക്ക് കീഴിലെ പരിവർത്തന നടപടികളിലൂടെ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ആഭ്യന്തര അസംസ്കൃത ഉത്പാദനം 140 മെട്രിക് ടണ്ണിലെത്തുമെന്ന് മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഇതുവരെ 9,228 കോടി 19 ലക്ഷം രൂപ വിതരണം ചെയ്തായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. 24.84 ലക്ഷം ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിച്ചത്. ഗുണഭോക്താക്കളിൽ 85 ശതമാനത്തിലധികവും സ്ത്രീകളാണ്.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽനിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നതിന്റെ ധാരണാപത്രം മറ്റന്നാൾ ഒപ്പുവെക്കും. ഉച്ചയ്ക്ക് വിമാനത്താവളത്തിലാണ് ധാരണാപത്രം ഒപ്പു വെയ്ക്കുന്നത്.

സംസ്ഥാന ഗവൺമെന്റിനും, സിയാലിനും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 26 ശതമാനം ഓഹരിയുള്ള സ്ഥാപനമാണ് എയർ കേരള.

കണ്ണൂരിന് പുറമെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നായിരിക്കും സർവീസ്. മാർച്ച് മാസത്തോടെ സർവീസ് ആരംഭിക്കാനാണ് ശ്രമം.

✪✪✪

കാസർകോട് പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും ശരത് ലാലിനെയും വെട്ടിക്കൊലപ്പെടുത്തിയ കേസിൽ പ്രതികൾ കുറ്റക്കാരെന്ന് കൊച്ചിയിലെ പ്രത്യേക CBI കോടതി കണ്ടെത്തി. ശിക്ഷാവിധി അടുത്ത മാസം മൂന്നിനാണ്.

CPIM നേതാക്കളായ മുൻ MLA കെ.വി കുഞ്ഞിരാമൻ, A പീതാംബരൻ എന്നിവരടങ്ങിയ ഒന്നു മുതൽ എട്ട് വരെ പ്രതികളുടെ കൊലക്കുറ്റം തെളിഞ്ഞതായാണ് കോടതി കണ്ടെത്തിയത്. പത്ത് പേരെ കോടതി

**വെറുതെ വിട്ടു. 2019 ഫെബ്രുവരി 17നാണ് ശരത്-ലാലും, കൃപേഷും കൊല്ലപ്പെട്ടത്.**

**ആദ്യം ലോക്കൽ പോലീസും പിന്നീട് ക്രൈംബ്രാഞ്ചും അന്വേഷിച്ച കേസ് ഹൈക്കോടതി നിർദേശപ്രകാരം CBI ഏറ്റെടുക്കുകയായിരുന്നു.**

✪✪✪

**കണ്ണൂർ ADM ആയിരുന്ന K.നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ തെളിവുകൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് ഭാര്യ കെ.മഞ്ജുഷ നൽകിയ ഹർജിയിൽ കോടതി ഇന്ന് വിധി പറയും. കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആണ് വിധി പറയുക.**

✪✪✪

**മൂന്നാറിൽ അതിശൈത്യം. താപനില മൈനസിലെത്തി. ചെണ്ടുവര എസ്റ്റേറ്റിലെ ലോവർ ഡിവിഷനിലാണ് താപനില മൈനസ് ഡിഗ്രി സെൽഷ്യസിലെത്തിയത്.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണ...**

**.........Voice........**

✪✪✪

**മെൽബണിൽ ഓസ്ട്രേലിയക്ക് എതിരായ ബോർഡർ- ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയുടെ നില പരുങ്ങലിൽ. മൂന്നാം ദിനമായ ഇന്ന് കളി നിർത്തുമ്പോൾ ഒരു വിക്കറ്റ് മാത്രം ശേഷിക്കെ 358 റൺസ് എന്ന നിലയിലാണ് ഇന്ത്യ. ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 474 റൺസാണ് നേടിയത്.**

**അഞ്ച് വിക്കറ്റിന് 164 റൺസ് എന്ന നിലയിലാണ് രാവിലെ ഇന്ത്യ ആദ്യ ഇന്നിംഗ്സ് പുനഃരാരംഭിച്ചത്.**

✪✪✪

ഹൈദരാബാദിൽ 78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ രണ്ടാം സെമിയിൽ കേരളം നാളെ മണിപ്പൂരിനെ നേരിടും. വൈകീട്ട് 7.30-ന് ഗച്ചിബൗളി സ്റ്റേഡിയത്തിലാണ് മത്സരം.

ജമ്മു-കശ്മീരിനെ ഏകപക്ഷീയമായ ഒരു ഗോളിനു പരാജയപ്പെടുത്തിയാണ് കേരളം സെമിയിൽ പ്രവേശിച്ചത്. സന്തോഷ് ട്രോഫിയിൽ കേരളം 31-ാം തവണയാണു സെമിയിലെത്തുന്നത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC - ഹൈദരാബാദ് FCയെ നേരിടും. ഹൈദരാബാദിൽ വൈകീട്ട് നാലരക്കാണ് മത്സരം.

രാത്രി ഏഴരയ്ക്ക് ചെന്നൈയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ചെന്നൈയിൻ FCയും ബെംഗളൂരു FCയും തമ്മിലാണ് രണ്ടാം മത്സരം.

✪✪✪

സംസ്ഥാന സ്പെഷ്യൽ ഒളിമ്പിക്സിന് കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ തുടക്കമായി. എല്ലാ ജില്ലകളിൽനിന്നുമായി എത്തിയ 4,698 സ്പെഷ്യൽ കായികതാരങ്ങളും, അവരുടെ രക്ഷിതാക്കളും അദ്ധ്യാപകരും മേളയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

മുപ്പത്തി അഞ്ചാമത് ദേശീയ സീനിയർ ഫെൻസിംഗ് ചാമ്പ്യൻഷിപ്പ് ചൊവ്വാഴ്ച മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുമെന്ന് സംഘാടക സമിതി ചെയർമാൻ KV സുമേഷ് അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലാ കേരളോത്സവത്തിന്റെ സ്റ്റേജ് ഇതര മത്സരങ്ങൾക്ക് അഴീക്കോട് തുടക്കമായി. കേരളോത്സവത്തിന്റെ ഉദ്ഘാടനം വൈകീട്ട് സ്പീക്കർ A.N ഷംസീർ നിർവഹിക്കും.

✪✪✪